## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

25.06.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്.

ചോദ്യം നമ്പർ : T3220

# നാനോ ടെക്നോളജി വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) നാനോ ടെക്നോളജിയുടെ വികസനത്തിനായി ഇതു വരെ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകിയിട്ടുള്ളത്; എന്തൊക്കെ സംരഭങ്ങളാണ് ആരംഭിച്ചത്; വിശദമാക്കാമോ; | (എ). നാനോ പദാർത്ഥങ്ങൾ ഉപയോഗിച്ച് കുടിവെള്ളത്തിലെ ബാക്ടീരിയ നശിപ്പിക്കാനും Arsenic പോലുള്ള ലോഹങ്ങൾ മാറ്റാനുമുള്ള പ്രാഥമിക പരീക്ഷണങ്ങൾ കോഴിക്കോട് ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ (സി.ഡബ്ല്യൂ.ആർ.ഡി.എം) നടക്കുന്നുണ്ട്. |
| (ബി) പുതിയ സംരഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി). സിൽവർ, ഇരുമ്പ് എന്നിവയുടെ നാനോ പദാർത്ഥങ്ങൾ ഉപയോഗിച്ച് കുടിവെള്ളം സംസ്കരിക്കാൻ സാധിക്കുമെന്ന് സി.ഡബ്ല്യൂ.ആർ.ഡി.എം-ൽ നടത്തിയ ചില പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ ടെക്സ്റ്റൈൽ വ്യവസായങ്ങളിൽ നിന്നുള്ള മാലിന്യം ടൈറ്റാനിയം ഡൈഓക്സൈഡ് നാനോ പദാർത്ഥങ്ങൾ ഉപയോഗിച്ച് സംസ്കരിക്കാൻ സാധിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇതിന്റെ സാങ്കേതിക വിദ്യകൾ വികസിപ്പിക്കാൻ സി.ഡബ്ല്യൂ.ആർ.ഡി.എം ഉദ്ദേശിക്കുന്നുണ്ട്. |

Haneefa

സെക്ഷൻ ഓഫീസർ